# അക്കാദമിക മാസ്റ്റർ പ്ലാൻ

## വഴികാട്ടി

ജി.വി.എച്ച്.എസ്.എസ് പറവണ്ണ

# സ്കൂൾ വിവരങ്ങൾ

| | |
|---|---|
| റവന്യൂ ജില്ല | മലപ്പുറം |
| സ്കൂൾ കോഡ് | 19021 |
| സ്കൂളിന്റെ പേര് | ജി.വി.എച്ച്.എസ്.എസ് പറവണ്ണ |
| മേൽവിലാസം | പറവണ്ണ പി. ഒ<br>മലപ്പുറം ജില്ല |
| പിൻകോഡ് | 67 65 0 2 |
| ഇ-മെയിൽ അഡ്രസ്സ് | gvhsparavanna@gmail.com |
| ഗ്രാമപഞ്ചായത്ത് | വെട്ടം |
| വിദ്യാഭ്യാസ ജില്ല | തിരൂർ |
| സബ് ജില്ല | തിരൂർ |
| ക്ലാസ്സുകൾ | 8 മുതൽ 12 വരെ |
| മാനേജ്മെന്റ് | ഗവൺമെന്റ് |
| പഠനമാധ്യമം | മലയാളം |

# ആമുഖം

മലപ്പുറം ജില്ലയുടെ തീരദേശ മേഖലയിൽ സ്ഥിതിചെയ്യുന്ന ഒരു സർക്കാർ വിദ്യാലയമാണ് ഗവൺമെന്റ് വൊക്കേഷനൽ ഹയർ സെക്കണ്ടറി സ്കൂൾ പറവണ്ണ. പാഠ്യപാഠ്യേതര രംഗത്ത് വളരെ മുന്നോക്കം നിൽക്കുന്ന ഒരു സർക്കാർ വിദ്യാലയമാണിത്. സാധാരണക്കാരായ മത്സ്യത്തൊഴിലാളികളുടെ മക്കളാണ് ഇവിടത്തെ വിദ്യാർത്ഥികളിൽ അധികവും.

കഴിഞ്ഞ രണ്ട് വർഷങ്ങളായി എസ്.എസ്.എൽ.സി പരീക്ഷയിൽ 100% വിജയം കൈവരിക്കാൻ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞവർഷം എൻ എം എം എസ് സ്കോളർഷിപ്പ് പരീക്ഷ എഴുതിയ 15 വിദ്യാർഥികളിൽ 14 പേരും വിജയം കൈവരിച്ചത് സ്കൂളിന്റെ മറ്റൊരു വലിയ നേട്ടമാണ്. പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിലും സ്കൂൾ വളരെ മുൻപന്തിയിലാണ്. കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ആവശ്യമായ പ്രത്യേക പരിശീലനം നൽകിയ കുട്ടികളിൽ ആത്മ വിശ്വാസം  വർദ്ധിപ്പിക്കുന്നത് വിജയത്തിളക്കത്തിലേയ്ക്ക് നയിക്കുന്നു.

അക്കാദമിക് രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകൾ ഉണ്ടെങ്കിൽ അത് പരിഹരിക്കുകയും ചെയ്യുന്നു. വിശാലമായ സ്കൂൾ മൈതാനം, ഹരിതഭംഗിയാർന്ന, ജൈവ സമ്പന്നതയാൽ അലങ്കൃതമായ സ്കൂൾ ക്യാമ്പസ്, ശിശുസൗഹൃദപരമായ പഠനാന്തരീക്ഷം എന്നിവ സ്കൂളിന്റെ മുഖമുദ്രയാണ്.

ഓരോ വർഷവും വിദ്യാർഥികളുടെ എണ്ണത്തിലുണ്ടാകുന്ന വർധനവ് സ്കൂളിന്റെ അക്കാദമിക നിലവാരത്തിലുള്ള പൊതുസമൂഹത്തിന്റെ അംഗീകാരമാണ്. ഇത് നിലനിർത്തുന്നതിനും കൂടുതൽ ഗുണപരമായ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയത്.ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കുന്നതിനും കുട്ടികളുടെ സർവോന്മുഖമായ വളർച്ചയും വളർച്ചയ്ക്കും ഇത് സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## അക്കാദമിക മികവിന് ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ /വിശകലന ലക്ഷ്യങ്ങൾ

1) ഭാഷാശേഷി വികസനം
2) ഗണിത ശേഷി വികസനം
3) ഇംഗ്ലീഷ് പഠനം - അനായാസമാക്കാൻ
4) വായന ശേഷി വർദ്ധിപ്പിക്കൽ
5) ശാസ്ത്ര പോഷണ പരിപാടി
6) ലബോറട്ടറി നവീകരണം - ശാസ്ത്രം , ഗണിതം , സാമൂഹ്യശാസ്ത്രം
7) ലൈബ്രറി ശാക്തീകരണം
8) ജൈവവൈവിധ്യ പാർക്ക് ഒരുക്കൽ
9) സ്കോളർഷിപ്പ്
10) പരീക്ഷപരിശീലനം.
11) പഠനയാത്രകൾ
12) സ്കൂൾ പത്രം , മാസിക
13) അധ്യാപക ശാക്തീകരണം - സ്കൂൾ SRG തലം
14) സ്കൂൾ പ്രവർത്തിപരിശീലനം
15) കലാപരിപോക്ഷണം

16) പച്ചക്കറിതോട്ടം

17) സാഹിത്യ ശില്പശാലകൾ

18) മെഡിക്കൽ ക്യാമ്പുകൾ

19) രക്തഗ്രൂപ്പ് നിർണയം

20) ഭക്ഷ്യമേള

21) പ്ലാസ്റ്റിക് വിമുക്ത ക്യാമ്പ്

22) ഭാഷാ ലാബ്

23) ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ

24) ഗവേഷണാത്മകപഠനം

25) കായിക ശേഷി വികസനം

26) വിലയിരുത്തൽ കാര്യക്ഷമമാക്കൽ

27) ലഹരി ബോധവൽക്കരണം

28) ഐ ടി പഠനം - കാര്യക്ഷമമാക്കൽ

29) ജന്മദിന പുസ്തകം

30) ചിത്രരചന ക്യാമ്പ്

31) ശാസ്ത്ര ,ഗണിതശാസ്ത്ര ,സാമൂഹ്യശാസ്ത്ര ,IT, പ്രവൃത്തിപരിചയ മേളകൾ

32) ക്ലാസ് പി.ടി.എ കാര്യക്ഷമമാക്കൽ

| ഉപമേഖല : മലയാളം<br>പ്രവർത്തനം - 1 - ഭാഷാശേഷി വികസനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1) എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം. (വിജഭേരി,വിജയസ്പർശം)ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | 1) അക്ഷരം ഉറപ്പിക്കൽ<br>2) ചിഹ്നം ഉറപ്പിക്കൽ<br>3) പദനിർമ്മാണം<br>4) വാക്യനിർമാണം<br>5) ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ്സ്. | 1 വർഷം | മലയാളം ടീച്ചർ, SRG | PTA |
| 2) എല്ലാ കുട്ടികളെയും സ്വതന്ത്രവായനാക്കാരക്കുക. | 1) ക്ലാസ്സ് വായനക്കൂട്ടം രൂപവൽക്കരിക്കൽ.<br>2) ക്ലാസ്സ് ലൈബ്രറി നവീകരിക്കൽ.<br>3) ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ.<br>4) വായനക്കൊരു വാർഷിക പദ്ധതി.<br>(ഓരോ ക്ലാസ്സിലെയും വായന ലക്ഷ്യം തീരുമാനിക്കൽ)<br>5) സ്കൂൾ ലൈബ്രറി നവീകരണം.<br>6) റീഡിങ് റൂം പ്രത്യേക സൗകര്യം ഒരുക്കൽ.<br>7) വായനോത്സവം<br>8) ജന്മദിന പുസ്തകം<br>9) പത്രവായന | 6 മാസം മുതൽ 1 വർഷം<br><br>ആവശ്യമനുസരിച്ച്<br><br>3 മാസം<br><br>6 മാസം- 1 വർഷം | വിദ്യാരംഗം ചാർജ്- മലയാളം ടീച്ചർക്ക്<br><br>മലയാളം അധ്യാപകർ SRG<br><br>മലയാളം ടീച്ചർ, | |

| | | | | |
|---|---|---|---|---|
| 3) പത്രവായന പരിപോഷിപ്പിക്കുക. | 1) പത്രവായന പരമാവധി പത്രങ്ങൾ സ്പോൺ സർഷിപ്പിലൂടെ ലഭ്യമാക്കൽ.<br><br>2) രാവിലെ പ്രധാന പത്രവാർത്തകളുടെ അവതരണം പത്ര ക്വിസ് | മൂന്നുമാസം<br><br>ദിവസേന<br><br>ആഴ്ചയിലൊരു ദിവസം | വിദ്യാരംഗം ചാർജ് മലയാളം ടീച്ചർ, | പി ടി എ |
| 4) സർഗ്ഗശേഷി വികസനം | 1) വയനാനുഭവം പങ്കുവെക്കൽ<br>സാഹിത്യ ക്വിസ് - രചനാ ശിൽപശാല (കവിത,കഥ)<br><br>2) കവിതാലപന മത്സരം.<br><br>3) പുസ്തക ചർച്ച, പുസ്തകാസ്വാദനം, ഇ വായന,<br><br>4) സാഹിത്യകരന്മാരുമായി സംവാദിക്കൽ. | വർഷത്തിൽ ഒരു തവണ<br><br>മാസത്തിൽ ഒരു തവണ<br><br>മാസത്തിൽ ഒരു തവണ<br><br>വർഷത്തിൽ ഒരു തവണ | മലയാളം അധ്യാപകർ SRG<br><br>വിദ്യാരംഗം<br><br>വിദ്യാരംഗം<br><br>വിദ്യാരംഗം SRG | **പി ടി എ**<br><br>**പി ടി എ**<br><br>**പി ടി എ** |

## ഉപമേഖല ഇംഗ്ളീഷ്
### പ്രവർത്തനം -1 -ഭാഷാ ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനുള്ള ശേഷി വികസനം. | 1) ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ<br>2)ഇംഗ്ലീഷ് ക്ലബ്ബിൻറെ പ്രവർത്തനം കാര്യക്ഷമമാക്കാൻ<br>3) ഇംഗ്ലീഷിൽ ഡിബേറ്റ്, സെമിനാർ , പ്രസംഗം തുടങ്ങിയവ സംഘടിപ്പിക്കൽ<br>4) ഇംഗ്ലീഷിൽ ഡയറി എഴുത്ത് ഓരോ കുട്ടിയും | എല്ലാ ക്ലാസും<br>ആഴ്ചയിൽ ഒരു ദിവസം ഒരു വർഷത്തേക്ക്<br>എല്ലാ ദിവസവും തുടർച്ചയായി | ബന്ധപ്പെട്ട ടീച്ചർ<br>ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി ക്ലാസ് ടീച്ചർ ഇൻചാർജ്<br>ഇംഗ്ലീഷ് അധ്യാപകർ | |
| 2 ഇംഗ്ലീഷ് ഭാഷയിൽ സർഗാത്മ ശേഷി വികസനം. | 1) ഇംഗ്ലീഷ് കഥ ,കവിത - രചനാ ക്യാമ്പ്<br>ഉൽപ്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ–(CPTA കാണിക്കൽ | 3 മാസത്തിലൊരിക്കൽ | ഇംഗ്ലീഷ് ടീച്ചർ | പി ടി എ |

| | | | | |
|---|---|---|---|---|
| | 2) പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാരരൂപങ്ങളിലേക്ക് മാറ്റിഅവതരണം ,സ്കിറ്റ് , നാടകം ,സംഭാഷണം തുടങ്ങിയ രീതികൾ.<br><br>3) ഇംഗ്ലീഷ് ന്യൂസ് റീഡിങ് | ആഴ്ചയിലൊരു ദിവസം<br><br>2 മാസത്തിൽ | ക്ലബ്ബ് സെക്രട്ടറി<br><br>ഇംഗ്ലീഷ് ടീച്ചർ | |
| 3) വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുന്നതിനുള്ള ശേഷി നേടൽ | സ്കൂൾ അധിക സമയം കണ്ടെത്തി വ്യാകരണത്തിന് പ്രാധാന്യം നൽകിയുള്ള ക്ലാസ്. | ആഴ്ചയിൽ രണ്ട് ദിവസം | ഇംഗ്ലീഷ് ടീച്ചർ | |
| 4 വായന പരിപോഷിപ്പിക്കാൻ | ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പുസ്തകം എന്നിവ ഉൾക്കൊള്ളിക്കൽ - വായനാ കുറിപ്പ് തയ്യാറാക്കൽ. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | |

## ഉപമേഖല – ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) കുട്ടികളിൽ ശാസ്ത്രാഭി രുചി വളർത്തൽ. | 1) ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെ ഉള്ള കുട്ടികളുടെ അവതരണം, പരീക്ഷണക്കളരി - പരീക്ഷണങ്ങൾ പൊതുസമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കൽ.<br><br>2- സ്കൂൾതല സയൻസ് എക്സിബിഷൻ<br><br>3- ഗവേഷണാത്മക പ്രോജക്ട് ഏറ്റെടുത്തു ഉള്ള പഠനം സർവ്വേ അഭിമുഖം നിരീക്ഷണം. | വർഷത്തിൽ ഒരു തവണ<br><br>വർഷത്തിൽ ഒരു തവണ<br><br>ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ്<br><br>സയൻസ് ക്ലബ്ബ്<br><br>സയൻസ് ക്ലബ്ബ് | പി ടി എ |
| 2) ശാസ്ത്രമേളകളിൽ പൂർണ പങ്കാളിത്തം ഉറപ്പുവരുത്തൽ. | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | ഒരു വർഷത്തിൽ മൂന്നു മാസം | സയൻസ് ക്ലബ്ബ് | പി ടി എ |
| 3) <u>ശാസ്ത്രലാബ് നവീകരണം</u><br>ശാസ്ത്ര ലാബിനെ കാലാനുസൃതമായി നവീകരിക്കൽ. | ഫിസിക്സ് ,കെമിസ്ട്രി ,ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ. | ജനുവരി മുതൽ ഒരുമാസം | സയൻസ് ടീച്ചർസ് | |
| 4)ഭക്ഷ്യമേള സംഘടിപ്പിക്കൽ | കുട്ടികൾക്ക് പോഷകങ്ങളെ കുറിച്ചും അവയുടെ പ്രാധാന്യത്തെക്കുറിച്ചും മനസ്സിലാക്കുന്നതിന് സ്കൂൾതലത്തിൽ ഭക്ഷ്യമേള സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു തവണ | സയൻസ് ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| 5) പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ - കുട്ടി ,കുട്ടി -കുട്ടി എന്നിങ്ങനെ രണ്ട് തലത്തിൽ പരിശീലനം | ആഴ്ചയിൽ രണ്ട് ദിവസം | SRG സയൻസ് ടീച്ചർ | |
| 6) ശാസ്ത്ര മാസിക , ശാസ്ത്ര പതിപ്പ് എന്നിവ തയ്യാറാക്കൽ. | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്രസംബന്ധമായ അറിവുകൾ ,ലേഖനങ്ങൾ ,കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്ര പതിപ്പ് എന്നിവ തയ്യാറാക്കൽ. | ആറുമാസത്തിലൊരിക്കൽ | SRG സയൻസ് ടീച്ചർ | |
| 7) മോഡൽ നിർമ്മാണം (ശില്പശാല ) | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ ശില്പശാലയിലൂടെ നിർമ്മിക്കൽ. | വർഷത്തിലൊരിക്കൽ | SRG സയൻസ് ടീച്ചർ | പി ടി എ |
| 8) ലഹരി ബോധവൽക്കരണം | ലഹരിയുടെ ദൂഷ്യഫലങ്ങൾ സമൂഹത്തെ ബോധവൽക്കരിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ - തെരുവുനാടകം പോലുള്ളവ. | ഒരു വർഷം | സയൻസ് ക്ലബ്ബ് എസ്.പി. സി കൗൺസിലിങ് ടീച്ചർ | P T A |

## ഉപമേഖല – പരിസ്ഥിതി സംരക്ഷണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1)ജൈവ വൈവിധ്യ പാർ ക്ക് വിപുലപ്പെടുത്തൽ, ജൈവ പന്തലൊരു ക്കൽ | ജൈവ വൈവിധ്യ പാർ ക്ക് വിപുലപ്പെടുത്തൽ, വള്ളിപ്പടർപ്പുകൾ കൊണ്ട് ജൈവ പന്തലൊരുക്കൽ. | 1 വർഷം | ഹരിത ക്ലബ്ബ്<br>സീഡ്<br>എസ്.പി.സി | പി.ടി.എ |
| 2)സ്കൂൾ മുറ്റത്തെ പച്ചക്ക റിത്തോട്ടം വിപുല പെടുത്തൽ. | വിഷരഹിത പച്ചക്കറി എന്ന ആശയം കുട്ടികളിൽ എത്തിക്കുന്നനും വീട്ടുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും പച്ചക്കറി തോട്ടം വിപുലപ്പെടുത്തുന്നതിനും. | 1 വർഷം | ഹരിത ക്ലബ്ബ്<br>എസ്.പി.സി | പി.ടി.എ |
| 3)പ്ലാസ്റ്റിക് വിമുക്ത ക്യാമ്പ് | എഴുതിത്തീർന്ന സമ്പാദ്യം ,നുണഞ്ഞു തീർന്ന സമ്പാദ്യം എന്ന പേരുകളിൽ പ്ലാസ്റ്റിക് ശേഖരിച്ച പ്ലാസ്റ്റിക് മുക്ത ക്യാമ്പസ് പ്രോത്സാഹിപ്പിക്കൽ. | 1 വർഷം | എല്ലാ ക്ലാസ്<br>അധ്യാപകരും | |

| **ഉപമേഖല – ഗണിതം** | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1) ഗണിത പ്രവർത്തന ങ്ങൾ ലളിതമാക്കൽ. | 1) ലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും. കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവത രിപ്പിക്കുകയും ചെയ്യുന്നു.<br>2) ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് ഗണിത പാർക്ക് സജ്ജീകരിക്കൽ. | ലേബ് സജ്ജീകരണം- അവധിക്കാല ത്ത്.<br>ജൂൺ-ജൂലൈ | പി.ടി.എ<br>ഗണിത ടീച്ചർ | പി.ടി.എ |
| 2) ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ. | 1) വക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു.<br>2) ക്ലാസ്സിലെ കണക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ഗണിത ശാസ്ത്രാശയങ്ങ ൾ ഉറപ്പിക്കൽ. | ജൂൺ<br>1 മാസം<br>ജൂൺ<br>1 മാസം | ഗണിത ടീച്ചർ<br>ഗണിത ടീച്ചർ | പി.ടി.എ |
| 3) ഗണിത ക്ലിനിക്ക് | ഏറ്റവും മികച്ച വിദ്യാർത്ഥികളെയുംഅധ്യാപകരെയും ഉപയോഗപ്പെടുത്തി ഗണിതക്ലിനിക്ക്. | 1 വർഷം | ഗണിത ടീച്ചർ , ഗണിത ക്ലബ്ബ് | |

| ഉപമേഖല : സാമൂഹ്യശാസ്ത്രം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1) സാമൂഹ്യശാസ്ത്ര -നൂതന അറിവുകളൾ - കണ്ടെത്തലുകൾ, പ്രദർശനം. | 1) എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ SS കോർണറിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഒട്ടിക്കൽ. | എല്ലാദിവസവും ഒരു വർഷം | SS എസ ക്ലബ് | |
| 2) പഠന യാത്രകളിലൂടെ ചരിത്രസ്മാരകങ്ങൾ, മ്യൂസിയങ്ങൾ ചുമർചിത്രങ്ങൾ, ക്ഷേത്രകലകൾ ,കോട്ടകൾ തുടങ്ങിയവയെ കുറിച്ച് കൂടുതൽ മനസ്സിലാക്കൽ. | 1)സാമൂഹ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ , ചരിത്രസ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ. | വർഷത്തിൽ ഒരു തവണ | SS ടീച്ചേഴ്സ് | പി.ടി.എ |
| 3) ആനുകാലിക വിഷയങ്ങളെ കുറിച്ച് സംവാദം ,പ്രത്യേക വിഷയങ്ങളിൽ സെമിനാർ തുടങ്ങിയവ (കൂടുതലറിയാൻ) | 1) സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സംവാദം,സെമിനാർ ,പാനൽ ചർച്ച തുടങ്ങിയ സംഘടിപ്പിക്കൽ. | മാസത്തിൽ ഒരു തവണ | SRG<br>SS ക്ലബ് | ജനപ്രതിനിധികൾ ,<br>പി.ടി.എ |
| 4) വിവിധ ശേഷികളുടെ വികസനം. | 1) ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തനമായി സംഘടിപ്പിക്കൽ. | ജൂൺ - മാർച്ച് | SRG<br>വിവിധ ക്ലബുകൾ | |

| | | | | |
|---|---|---|---|---|
| 5) ജനാധിപത്യ മൂല്യങ്ങൾ വളർത്തി എടുക്കൽ. | 1) പ്രകടനപത്രിക, പ്രചരണം, മീറ്റ് ദ കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ ഉപയോഗിച്ച് വോട്ടെടുപ്പ്. തുടങ്ങിയവയിലൂടെ സ്കൂൾ പാർലമെൻറ് രൂപീകരണം. തുടർന്ന് മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ. | വർഷത്തിൽ നാല് തവണ | SS അധ്യാപകർ സ്കൂൾ പാർലമെന്റ് ഭാരവാഹികൾ | |
| 6) സാമൂഹ്യ ശാസ്ത്രപഠനകാര്യങ്ങൾ കാര്യക്ഷമമാക്കുക. | 1) അധികവായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ അറ്റുകൾ തുടങ്ങിയവ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയിൽ പ്രദർശിപ്പിക്കൽ, തുടർന്ന് ക്ലാസ് ലൈബ്രറിയിൽ വിതരണം. | വർഷത്തിൽ ഒരു തവണ<br><br>ആഴ്ചയിൽ ഒരു തവണ | SS അധ്യാപകർ | |

## ഉപമേഖല : ഹിന്ദി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) എല്ലാ കുട്ടികൾക്കും മാതൃഭാഷ കൈകാര്യം ചെയ്യുന്നതുപോലെ ഹിന്ദിയിൽ എഴുതാനും വായിക്കാനും ഉള്ള കഴിവുണ്ട് ഉണ്ടാക്കുക. | 1) ലൈബ്രറിയിൽ ഹിന്ദിയിലുള്ള ചെറുപുസ്തകങ്ങൾ എത്തിച്ച് വായന പ്രോത്സാഹിപ്പിക്കുക.<br><br>2) ഹിന്ദി ക്ലബ്ബിനെ ഉജ്ജ്സ്വലമാക്കി കൂടുതൽ ശക്തിപ്പെടുത്തുകയും ആകർഷകമാക്കും ചെയ്യുക.<br><br>3) ആഴ്ചയിൽ ഒരു തവണയെങ്കിലും ഹിന്ദി ഭാഷയിൽ അസംബ്ലി നടത്തുക.<br><br>4) ഹിന്ദി നാടകം നടത്തുക. കുട്ടികളെ കൊണ്ട് ഹിന്ദിയിൽ ചെറു വിഷയങ്ങൾ എഴുതാനുള്ള കഴിവ് വികസിപ്പിക്കുക.<br><br>5) ഹിന്ദി പ്രസംഗം, കവിതാലാപനം എന്നിവ പ്രോത് സാഹിപ്പിക്കുക. | രണ്ടു മാസം<br><br>ആവശ്യമനുസരിച്ച് | ഹിന്ദി ടീച്ചർ<br><br>ഹിന്ദി ടീച്ചർ<br><br>SRG<br>ഹിന്ദി ടീച്ചർ<br><br>ഹിന്ദി ടീച്ചർ<br><br>ഹിന്ദി ടീച്ചർ | പി.ടി.എ<br>സ്പോൺസർഷിപ്പ് |

| ഉപമേഖല : പ്രവൃത്തിപരിചയം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1) പ്രവൃത്തി പരിചയ പരിശീലനം | 1) തൽപരരായ കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉൽപ്പന്നങ്ങൾ ഉണ്ടാക്കൽ | ഒരു വർഷം | പ്രവൃത്തി പരിചയ അധ്യാപിക | പി.ടി.എ |

| ഉപമേഖല : കലാരംഗം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1) കലാമികവുള്ളവർക്ക് പരിശീലനം | 1) ഉപകരണ സംഗീതത്തിലും മറ്റ് കലാവാസനകൾ ഉള്ള കുട്ടികൾക്ക് പരിശീലനം നൽകൽ. | വർഷം | കലാഅധ്യാപിക | പി.ടി.എ |

| ഉപമേഖല : കലാപരിപോഷണം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1) കുട്ടികളുടെ സർഗവാസന കളെ പരിപോ ഷിപ്പിക്കൽ. | ● കുട്ടികളുടെ സർഗവാസനകൾ കണ്ടെത്തുകയും അവ പരിപോഷിപ്പിക്കുകയും ചെയ്യുക<br>● സംഗീതം, നൃത്തം, അഭിനയം,കഥാരചന, കവിതാ രചന, കവിതാലാപനം, ഉപകരണ സംഗീതം തുടങ്ങിയ വ്യത്യസ്തങ്ങളായ കഴിവുകളുള്ള കുട്ടികളെ കണ്ടെത്തി അവരുടെ സർഗവാസനകൾ പരിപോഷിപ്പിക്കുന്നതിനു ള്ള പരിശീലനങ്ങൾ നൽകൽ. | 2024 ജൂൺ മുതൽ രണ്ടു വർഷം | കലാ അധ്യാപകർ എസ് .ആർ .ജി | പി.ടി. എ 100000 |

| ഉപമേഖല : കൗൺസിലിങ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1) വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിങ് നൽകൽ.<br>നല്ല വ്യക്തിത്വമുള്ള വരക്കൽ | ● ആത്മവിശ്വാസം, ധൈര്യം ഇവ വർദ്ധിപ്പിച്ച കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ.<br>● ഗൃഹസന്ദർശനം, അഭിമുഖം, നിരീക്ഷണം പ്രശ്നപരിഹാരണം തുടങ്ങിയ വിവിധ മാർഗങ്ങൾ അവലംബിച്ച് കൗൺസിലിംഗ് ഫലപ്രദമാക്കൽ. ഇൻഡിവിഡ്വൽ കൗൺസിലിംഗ്, ഗ്രൂപ്പ് കൗൺസിലിംഗ്. | ജൂണിൽ തുടങ്ങി എല്ലാ ദിവസവും | കൗൺസിലിംഗ് ടീച്ചർ | |

| ഉപമേഖല : കായിക വിദ്യാഭ്യാസം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1) കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിച്ച് മികവിൽ എത്തിക്കൽ | കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താല്പര്യമുള്ള മേഖലകളിൽ പരിശീലനം നൽകി കൂടുതൽ മികവിൽ എത്തിക്കൽ<br><br>a) ഫുട്ബോൾ പരിശീലനം<br>b) വോളിബോൾ പരിശീലനം<br>രാവിലെയും വൈകിട്ടും ക്ലാസ് സമയത്തിന് മുമ്പും പിമ്പും പരിശീലനം. | എല്ലാദിവസവും രാവിലെയും വൈകിട്ടും അവധി ദിവസങ്ങളിലും ഒരു വർഷക്കാലം<br><br>ഒരു വർഷക്കാലം | കായിക അദ്ധ്യാപകൻ<br><br>കായികാധ്യാപകൻ | പി.ടി.എ<br><br>50,000 രൂപ |
| 2) കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിക്കൽ.<br><br>● കായികമത്സരങ്ങളിൽ മികവിലേക്ക് എത്തിക്കൽ. | ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഫുട്ബോൾ, വോളിബോൾ തുടങ്ങിയ മേഖലകളിൽ പരിശീലനം.<br><br>നൽകൽ. സംസ്ഥാനതല ദേശീയതല മത്സരങ്ങളിൽ എത്തി മികവ് പ്രകടിപ്പിക്കുന്ന ആവശ്യമായ പരിശീലനം നൽകൽ. | ജൂൺ മുതൽ എല്ലാ ദിവസവും രണ്ടു വർഷം | കായികാധ്യാപകൻ | പി.ടി.എ<br>ഡെ ബോർഡിങ് സ്കീം |

# ഉപസംഹാരം

സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കുന്നതിനായാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. സ്കൂളിന്റെ എല്ലാ വികസന പ്രവർത്തനങ്ങൾക്കും കൂടെ നിൽക്കുന്ന പിടിഎ, പൂർവവിദ്യാർഥികൾ, ജനപ്രതിനിധികൾ നാട്ടുകാർ തുടങ്ങിയവരുടെ സഹായത്തോടെ ഈ അക്കാദമിക് മാസ്റ്റർ പൂർണമായും നടപ്പിലാക്കാൻ കഴിയുമെന്നും അത് കുട്ടികളുടെ സർവ്വോന്മുഖമായ വികസനത്തിന് സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.